**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** | **02-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവത്ക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായി കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് കൊണ്ട് 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 പദ്ധതികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് കൂടുതൽ ശക്തി പകരുന്നതിന് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ വർദ്ധിച്ച വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളോടൊപ്പം അന്താരാഷ്ട്ര തല വിപണന സാധ്യതകൾ പരിശോധിച്ച് നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report - DPR] വിലയിരുത്തിയതിനു ശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കുന്നത്.<br><br>മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 9 ബാങ്കുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സാങ്കേതിക സഹായം ഉറപ്പു വരുത്തുന്നതിനു വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റിയാബിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ കയർ കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണ ശേഷിയും, സാങ്കേതിക സൗകര്യങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | നിലവിൽ പ്രവർത്തന ലാഭം നേടിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടനയ്ക്ക് | (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ |

| | | | |
|---|---|---|---|
| | റിയാബ് -നെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫൊർമേഷൻ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ.പോൾ ആൻറണി ഐഎഎസ് (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ റിയാബിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിയാബിനെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എന്ന് പുനർനാമകരണം ചെയ്യുന്നതിനു ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ തസ്തികകളിലേക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പിന്റെയല്ലാതെ മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ ഉദ്യോഗാർത്ഥികളെ സെലക്ട് ചെയ്യുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള ഒരു ബോർഡ് രൂപീകരിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 നിലവിൽ വന്നിട്ടുണ്ട്. ബോർഡ് രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിച്ച സ്ഥാപനങ്ങളുടെ വിവരം**

| ക്രമ നം. | കമ്പനി |
|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 6 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 7 | കെൽട്രോൺ കംമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 8 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | സ്റ്റീൽ ആന്റ് ഇന്റഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 10 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇന്റഡസ്ട്രീയൽ കേരള ലിമിറ്റഡ് |
| 12 | കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് ലിമിറ്റഡ് |
| 13 | ദി പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 14 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 16 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 17 | കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 18 | കെ.സി.സി.പി ലിമിറ്റഡ് |
| 19 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് |
| 20 | ദി മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ് (മാൽകോടെക്സ്) |
| 21 | കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് |
| 22 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 23 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ